**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1178

13.6.2013 ൽ
മറുപടിയ്ക്ക്

## അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കാൻ നടപടി

ചോദ്യം

ഉത്തരം

ശ്രീ. എം. ഹംസ :

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) അവശ്യസാധനങ്ങളുടെ വില കുത്തനെ ഉയർന്ന കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ വില വർദ്ധന നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

എ) പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് കി. ഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും രണ്ട് രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കി.ഗ്രാം അരി നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി.ഗ്രാം അരിയും 3 കി.ഗ്രാം ഗോതമ്പും കി.ഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു.

പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ സപ്ലൈകോ നടത്തിവരുന്ന വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി തുടർന്നുവരുന്നു. നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി / സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റു വരുന്നു. ഇതിന് പുറമെ മറ്റ് അവശ്യ സാധനങ്ങളും എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ്പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 12 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും 1306 സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, ഏലം, വെളിച്ചെണ്ണ, പുളി, ഉപ്പ് മുതലായ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു.

ഉത്സവകാലങ്ങളിലെ വില വർദ്ധന നിയ ന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിച്ചു വരുന്നു.

കൺസ്യൂമർഫെഡിന്റെ 249 ത്രിവേണി സ്റ്റോറു കളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന 1200 ഓളം നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർ ഫെഡ് നേരിട്ടു നടത്തുന്നവയും, സഹകരണ സംഘ ങ്ങൾ നടത്തുന്നവയുമായ 2050 നന്മ സ്റ്റോറുകളി ലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോ പയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതു വിപണിയിലെ വില ക്കയറ്റം നിയന്ത്രിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | ബി.പി.എൽ കാർഡുടമ കൾക്ക് എത്ര രൂപ നിര ക്കിലാണ് അരി വിത രണം ചെയ്യുന്നത് ; വിശദാംശം ലഭ്യമാക്കാ മോ ; | ബി) | ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരി നൽകുന്നു. |
| സി) | റേഷൻ സാധനങ്ങൾ മറിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തട യുന്നതിനായി എന്തെ ല്ലാം നടപടികൾ സ്വീക രിച്ചു ; അത് സംബ ന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; വിശ ദാംശം ലഭ്യമാക്കുമോ ? | സി) | റേഷൻ സാധനങ്ങൾ മറിച്ച് വിൽക്കുന്നതായി ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്ന തിനായി പൊതുവിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ പരിശോധനകളും റെയ് ഡും നടത്തി വരുകയും ക്രമക്കേടുകൾക്കെതിരെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിക്കുക യും ചെയ്യുന്നു. എഫ്.സി.ഐ-ൽ നിന്നും സാധന ങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെ ക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു. റേഷൻ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടു ത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ആഫീസറുടെ നേതൃത്വ ത്തിലും പരിശോധനകൾ നടത്തുന്നു. ജില്ല/ താലൂക്ക്/ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യ ക്ഷമമായി പ്രവർത്തിക്കുന്നു. 2012-13 കാലയളവിൽ 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

Beeran

സെക്ഷൻ ഓഫീസർ